വിദേശ ജയിലുകളിൽ കഴിയുന്ന മത്സ്യത്തൊഴിലാളികളെ മോചിപ്പിക്കാൻ നടപടി

160 [3127] *ശ്രീ. തമ്പാനൂർ രവി:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യബന്ധനത്തിൽ ഏർപ്പെട്ടിരുന്ന തൊഴിലാളികളിൽ സമുദ്രാതിർത്തി ലംഘിച്ചതിന്റെ പേരിൽ അന്യരാജ്യങ്ങളിലെ ജയിലുകളിൽ കഴിയുന്ന മലയാളികളുടെ എണ്ണം രാജ്യം തിരിച്ച് വ്യക്തമാക്കാമോ;

(ബി) ഇവരെ നാട്ടിലെത്തിക്കുന്നതിന് സംസ്ഥാന സർക്കാർ ഇതുവരെ സ്വീകരിച്ച നടപടികളുടെ വിശദാംശം വ്യക്തമാക്കാമോ?

ഉത്തരം

(എ) മത്സ്യബന്ധനത്തിൽ ഏർപ്പെട്ടിരുന്ന തൊഴിലാളികളിൽ സമുദ്രാതിർത്തി ലംഘിച്ചതിന്റെ പേരിൽ അന്യരാജ്യങ്ങളിലെ ജയിലുകളിൽ മലയാളികൾ ആരും തന്നെ ഇപ്പോൾ കഴിയുന്നതായി ഗവൺമെന്റിന് വിവരം ലഭിച്ചിട്ടില്ല.

(ബി) ഉത്തരം 'എ' യുടെ അടിസ്ഥാനത്തിൽ ബാധകമല്ല.

വാഹനപരിശോധനയിൽ പെറ്റി കേസ് ഒഴിവാക്കാൻ നടപടി

161 [3128] *ശ്രീ. ടി. എൻ. പ്രതാപൻ:*
„ *ബി. വിജയകുമാർ:*
„ *ജോർജ് മജ. മാത്യു:*
„ *കെ. എ. ചന്ദ്രൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2005 ഫെബ്രുവരി, മാർച്ച് മാസങ്ങളിൽ സംസ്ഥാനത്തൊട്ടാകെ പോലീസ് നടത്തിയ വാഹനപരിശോധനയുടെ ഫലമായി എന്തു തുകയുടെ പിഴയിട്ടു;

(ബി) ഇതുമായി ബന്ധപ്പെട്ട് എത്ര പെറ്റി കേസുകൾ രജിസ്റ്റർ ചെയ്തു;

(സി) ഈ പെറ്റി കേസുകൾമൂലം പോലീസിനും കോടതിക്കും കേസിൽപ്പെട്ടവർക്കും എത്ര സമയനഷ്ടം ഉണ്ടാകും;

(ഡി) കേസിൽപ്പെട്ടവർക്ക് കേസ് നടത്തുന്നതിനും മറ്റുമായി എന്തു തുക ചെലവുവരും;

LIBRARY ARCHIVES Kerala Legislative Assembly

(ഇ) പോലീസ് ഉദ്യോഗസ്ഥൻമാർ എത്ര ദിവസം കോടതിയിൽ ഹാജരാകേണ്ടതായിവരും; ഇത്തരം സംഭവങ്ങളിൽ പെറ്റി കേസ് എടുക്കുന്ന നടപടി വേണ്ടെന്നുവയ്ക്കുമോ എന്ന് അറിയിക്കുമോ?

ഉത്തരം

(എ) 1,93,86,325 രൂപയുടെ പിഴയിട്ടു.

(ബി) 150,684 പെറ്റി കേസുകൾ രജിസ്റ്റർ ചെയ്തു.

(സി) വാഹനപരിശോധന നടത്തുന്നതും പെറ്റി കേസുകൾ ചുമത്തുന്നതുമായി ബന്ധപ്പെട്ട് കോടതികളിൽ ഹാജരാകുന്നതും പോലീസിന് ഡ്യൂട്ടിയുടെ ഭാഗമായതിനാൽ സമയനഷ്ടം ഉണ്ടായതായി കണക്കാക്കാൻ കഴിയില്ല.

(ഡി) കുറ്റാരോപിതർ കോടതിയിൽ കുറ്റസമ്മതം നടത്തുന്നപക്ഷം കുറ്റത്തിന് സർക്കാർ നിശ്ചയിച്ച പിഴ അടയ്ക്കുന്നതോടെ കുറ്റവിമുക്തനാകുന്നു. എന്നാൽ കുറ്റം നിഷേധിക്കുന്നപക്ഷം കോടതി വിചാരണ ചെയ്ത് അന്തിമ തീരുമാനത്തിൽ എത്താൻ എടുക്കുന്നതുമായ ദൈർഘ്യത്തിനനുസരിച്ച് ചെലവ് കൂടുന്നതാണ്.

(ഇ) ബഹു. കോടതി ആവശ്യപ്പെടുന്ന തീയതികളിലെല്ലാം പോലീസ് ഉദ്യോഗസ്ഥർ ഹാജരാകേണ്ടിവരും. പെറ്റിക്കേസ് ചുമത്തുന്നത് നിയമ നടപടിയുടെ ഭാഗമായതിനാൽ വേണ്ടെന്നു വയ്ക്കുന്ന കാര്യം പരിഗണിക്കാവുന്നതല്ല.

പോലീസ് ആഫീസർമാർക്കെതിരെയുള്ള ശിക്ഷാനടപടികൾ

162 [3129] *ശ്രീ. കോവൂർ കുഞ്ഞുമോൻ:*

,, *എ. എ. അസീസ്:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) യു. ഡി. എഫ്. സർക്കാർ അധികാരമേറ്റശേഷം പോലീസ് ഉദ്യോഗസ്ഥരുടെ പേരിൽ ശിക്ഷാനടപടികൾ സ്വീകരിച്ച എത്ര കേസുകളുണ്ട്;

(ബി) ക്രിമിനൽ കുറ്റങ്ങളുടെ അടിസ്ഥാനത്തിൽ എത്ര ശിക്ഷാനടപടികൾ എടുത്തു;

(സി) ഇവയിൽ സർക്കിൾ ഇൻസ്പെക്ടർ മുതൽ മുകളിലോട്ടുള്ള ഉദ്യോഗസ്ഥരുടെ പേരുവിവരവും, ശിക്ഷാവിവരവും വ്യക്തമാക്കുമോ?

ഉത്തരം

(എ) — (സി) വിവരം ശേഖരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly